"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ശുചിത്വ മിഷൻ - ജീവനക്കാര്യം - വിവിധ ജില്ലാ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.60/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/01/2021

---

പരാമർശം:- 1) 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ

2) 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന.

3) 23.06.2019-ലെ സ.ഉ.(കൈ.) നം.72/2019/ത.സ്വ.ഭ.വ.

4) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷന്റെ 29.11.2020 തീയ്യതിയിലെ 2212/ബി/2019/എസ്.എം നം. കത്ത്.

ഉത്തരവ്

ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) യുടെ 14 തസ്തികകളും, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം)-ന്റെ 14 തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷന് അനുമതി നല്കികൊണ്ടും പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. ഇതിൻപ്രകാരം ശുചിത്വമിഷന്റെ വിവിധ ജില്ലാ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം/ഐ.ഇ.സി) തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി എക്സിക്യൂട്ടീവ് ഡയറക്ടർ, പരാമർശം 4 പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ കത്തിൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം താഴെ പട്ടികയിൽ കൊടുത്തിട്ടുള്ളവരെ അവരുടെ പേരിനു നേരെ കൊടുത്തിട്ടുള്ള ജില്ലയിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140(സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1) സർക്കുലറിലേയും പരാമർശം (2) ഉത്തരവിലേയും മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര് | ജില്ല | തസ്തിക |
|---|---|---|---|
| 1 | ശ്രീ.അജയഘോഷ്,<br><br>ജനറൽ എക്സ്റ്റൻഷൻ ഓഫീസർ,<br>ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്,<br>വണ്ടൂർ, മലപ്പുറം 676639 | മലപ്പുറം | അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) |

| | | | |
|---|---|---|---|
| 2 | ശ്രീമതി.ദീപ സി.,<br><br>എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്),<br><br>ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്, തിരൂരങ്ങാടി | പാലക്കാട് | അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) |
| 3 | ശ്രീ.റഹീം ഫൈസൽ കെ.,<br>എക്സ്റ്റൻഷൻ ഓഫീസർ (WW) വനിതാക്ഷേമം,<br><br>കുന്നുമ്മൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്, കോഴിക്കോട് | വയനാട് | അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) |
| 4 | ശ്രീ.മുഹമ്മദ് കുഞ്ഞ് ആശാൻ എ,<br><br>വുമൺ വെൽഫെയർ ഓഫീസർ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്, തിരൂരങ്ങാടി, മലപ്പുറം | ആലപ്പുഴ | അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഗ്രാമ വികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ